# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 22<br>July 22 | 2019 |
|---|---|

*1193 കർക്കടകം 6 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വാഹനം ആവശ്യമുണ്ട്**

പത്തനംതിട്ട വനിതാ പ്രൊട്ടക്ഷൻ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് റീടെൻഡർ ക്ഷണിച്ചു. റീടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 29. ഫോൺ: 8281999053. (പിഎൻപി 1840/19)

**നിയമസഭാ അഡ്ഹോക് കമ്മിറ്റി യോഗം 25ന്**

സർഫാസി നിയമം മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാവിശേഷങ്ങൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് രൂപീകരിച്ച എസ്.ശർമ എംഎൽഎ ചെയർമാനായുള്ള നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി 25ന് രാവിലെ 11ന് തൊടുപുഴ മുനിസിപ്പൽ ടൗൺഹാളിൽ യോഗം ചേരും. പൊതുജനങ്ങൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, കർഷക സംഘടനാ നേതാക്കൾ, സർഫാസി നിയമം മൂലം ജപ്തി നടപടി നേരിടുന്നവർ, സമരസംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും സ്വീകരിക്കും. പരാതികളും അഭിപ്രായങ്ങളും നിർദേശങ്ങളും സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ തപാൽ മുഖേനയും table@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിലും നിയമസഭാ സെക്രട്ടറിക്ക് സമർപ്പിക്കാം. (പിഎൻപി 1841/19)

## തേക്ക് മരം ലേലം

കിഴക്കുപുറം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നിൽക്കുന്ന രണ്ട് തേക്കുമരം ലേലം ചെയ്ത് വിൽക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ആഗസ്റ്റ് 22ന് ഉച്ചയ്ക്ക് രണ്ട് വരെ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 9495650148. (പിഎൻപി 1842/19)

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

റാന്നി ഗവൺമെന്റ് ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ രണ്ട് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട ട്രേഡിൽ എൻജിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവർത്തന പരിചയവും അല്ലെങ്കിൽ എൻടിസിയും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. ഒരു മാസം പരമാവധി 24000 രൂപ വേതനം ലഭിക്കും. താത്പര്യമുള്ളവർ ഈ മാസം 26ന് രാവിലെ 10ന് ഐടിഐയിൽ നടക്കുന്ന ഇന്റർവ്യൂവിന് അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാകണം. ഫോൺ: 04735 221085. (പിഎൻപി 1843/19)

## ആവാസ് ആരോഗ്യ ഇൻഷുറൻസ് സ്പെഷ്യൽ ഡ്രൈവ്

ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടപ്പാക്കിയ ആവാസ് സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ സ്പെഷ്യൽ ഡ്രൈവ് ആഗസ്റ്റ് 16 വരെ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ജില്ലയിലെ മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികളെയും എൻറോൾ ചെയ്യിപ്പിക്കുന്നതിന് ബന്ധപ്പെട്ടവർ സഹകരിക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഫോൺ: ജില്ലാ ലേബർ ഓഫീസ്-0468 2222234, അസിസ്റ്റന്റ് ലേബർ ഓഫീസർ പത്തനംതിട്ട-8547655373, റാന്നി- 8547655374, തിരുവല്ല- 8547655375, മല്ലപ്പള്ളി- 8547655376, അടൂർ- 8547655377. (പിഎൻപി 1844/19)

## കാർഷിക കർമസേനയിൽ ഒഴിവ്

മല്ലപ്പുഴശേരി കൃഷിഭവന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമസേനയിൽ സൂപ്പർവൈസർ, ടെക്നീഷ്യൻ തസ്തികകളിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിഎച്ച്എസ്ഇ അഗ്രികൾച്ചർ/ഐറ്റിഐ യോഗ്യതയുള്ളവർക്ക് സൂപ്പർവൈസർ തസ്തികയിലേക്ക് അപേക്ഷിക്കാം. ഡ്രൈവിംഗ് പരിചയം, കംപ്യൂട്ടർ പരിജ്ഞാനം എന്നിവ ഉണ്ടായിരിക്കണം.

ടെക്നീഷ്യൻ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കാർഷിക മേഖലയിലെ വിവിധ തരം യന്ത്രോപകരണങ്ങൾ പ്രവർത്തിക്കുന്നതിന് സന്നദ്ധരായിരിക്കണം. അപേക്ഷ ഈ മാസം 30നകം കൃഷിഭവനിൽ ലഭിക്കണം. കൂടുതൽ വിവരം കൃഷിഭവനിൽ ലഭിക്കും.

(പിഎൻപി 1845/19)

## ഓണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന ഉദ്ഘാടനം ചെയ്തു

ഓണം ബമ്പർ ലോട്ടറിയുടെ ജില്ലാതല വിൽപ്പന ജില്ലാ കളക്ടർ പി.ബി നൂഹ് ഉദ്ഘാടനം ചെയ്തു. കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ മുൻസിപ്പൽ കൗൺസിലർ പി കെ ജേക്കബ് ജില്ലാ കളക്ടറിൽ നിന്നും ടിക്കറ്റ് ഏറ്റുവാങ്ങി. 300 രൂപയാണ് ഓണം ബമ്പർ ടിക്കറ്റിന്റെ വില. 12 കോടി രൂപയാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനം 50 ലക്ഷം രൂപ (ഓരോ പരമ്പയിലും ഒന്നു വീതം). മൂന്നാം സമ്മാനം 10 ലക്ഷം, നാലാം സമ്മാനം അഞ്ച് ലക്ഷം. (ഓരോ പരമ്പരയിലും രണ്ട് വീതം). അവസാന അഞ്ചക്കത്തിന് ഒരു ലക്ഷം രൂപയും അവസാന നാലക്കങ്ങൾക്ക് 5000, 3000, 2000, 1000 രൂപയാണ് സമ്മാനം. നറുക്കെടുപ്പ്

സെപ്റ്റംബർ 19ന്. എ.ഡി.എം അലക്സ് പി തോമസ്, ജില്ലാ ലോട്ടറി ഓഫീസർ ബെന്നി ജോർജ്, അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ എൻ.ആർ ജിജി, ജൂനിയർ സൂപ്രണ്ട് ആർ ജയ്സിംഗ്, അഡ്വ: ജനു മാത്യു, ലോട്ടറി ഏജന്റുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.
(പിഎൻപി 1846/19)

## ബാഗ് നിർമാണ പരിശീലനം

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ സൗജന്യ ക്ലോത്ത് ബാഗ്, ബിഗ് ഷോപ്പർ, പേർസ്, വാനിറ്റി ബാഗ്, സ്കൂൾ ബാഗ് എന്നിവയുടെ നിർമാണത്തിൽ സൗജന്യ പരിശീലനം നൽകും. 18നും 45നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. 10 ദിവസമാണ് പരിശീലന കാലാവധി. താത്പര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം. (പിഎൻപി 1847/19)

## ഹരിത കേരളം മിഷൻ ശില്പശാല നടത്തി

ഹരിത കേരളം മിഷൻ കൃഷി ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ തരിശുരഹിതമാക്കാൻ സാധിക്കുന്ന പഞ്ചായത്തുകൾക്കുള്ള ശിലപശാല ജില്ലാ പഞ്ചായത്ത് ഹാളിൽ നടത്തി. ചലഞ്ച് 2020 ന്റെ ഭാഗമായി ജില്ലയിലെ ഓരോ ബ്ലോക്കിലേയും ഓരോ പഞ്ചായത്ത് വീതമാണ് ആദ്യഘട്ടത്തിൽ തരിശുരഹിതമാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. കൃഷിയോഗ്യമായ എല്ലാ ഭൂമിയും തരിശുരഹിതമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് ചലഞ്ച് 2020ലൂടെ കൃഷി ഉപമിഷൻ ലക്ഷ്യമിടുന്നത്. പ്രാഥമിക ഘട്ടത്തിൽ തരിശുരഹിതമാക്കുവാൻ തീരുമാനിച്ചിട്ടുള്ളത് വെച്ചൂച്ചിറ, തുമ്പമൺ, കുന്നന്താനം, പ്രമാടം, കോഴഞ്ചേരി, കൊടുമൺ, പുറമറ്റം, നിരണം എന്നീ പഞ്ചായത്തുകളിലിലാണ്.

കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ നടന്ന ശില്പശാലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഹരിത കേരളം സ്റ്റേറ്റ് മിഷൻ ടെക്നിക്കൽ ഓഫീസർ ഹരിപ്രിയ ദേവി, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ. രാജേഷ്, കൃഷി ഓഫീസർമാർ, പാടശേഖര സമിതി പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1848/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കളക്ടറേറ്റിൽ നടന്ന ഓണം ബമ്പർ ലോട്ടറിയുടെ ജില്ലാതല വിൽപ്പന ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹിൽ നിന്നും മുൻസിപ്പൽ കൗൺസിലർ പി കെ ജേക്കബ് ടിക്കറ്റ് ഏറ്റുവാങ്ങുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**


BR69
12 കോടി
5 കോടി
2 കോടി
19.09.2019
TK123456

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജൂലൈ 22<br>July 22 | 2019 |

*1193 കർക്കടകം 6 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**പരാതിപരിഹാര അദാലത്ത് ഇന്ന് (23)**

കോഴഞ്ചേരി താലൂക്കുതല പരാതിപരിഹാര അദാലത്ത് ഇന്ന് (23) രാവിലെ 9.30 മുതൽ പത്തനംതിട്ട ൗൺഹാളിൽ നടക്കും. അദാലത്തിൽ ജില്ലാ കളക്ടർക്ക് നേരിട്ട് അപേക്ഷ നൽകാം. സിഎംഡിആർഎഫ്, റീസർവെ അപാകത, റേഷൻ കാർഡ്, സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട പരിഹാരം എന്നിവയൊഴിച്ചുള്ള പരാതികൾ അദാലത്തിൽ പരിഗണിക്കും. കോഴഞ്ചേരി താലൂക്കിന്റെ പരിധിയിലുള്ള എല്ലാ താലൂക്കുതല ആഫീസ് മേധാവികളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും അദാലത്തിൽ ഹാജരാകണമെന്ന് തഹസീൽദാർ അറിയിച്ചു. (പിഎൻപി 1849/19)

**പദ്ധതി നിർവഹണം സമയബന്ധിതായി പൂർത്തിയാക്കണം – ജില്ലാ കളക്ടർ**

സർക്കാർ നിർദേശിച്ചിരിക്കുന്ന തീയതിക്കകം പദ്ധതി നിർവഹണം പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് നിർദേശിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2019-20 വാർഷിക പദ്ധതി നിർവഹണ പുരോഗതി അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സെപ്റ്റംബർ 30നകം 45 ശതമാനവും, ഡിസംബർ 31നകം 70ശതമാനവും ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിക്കണമെന്നും കളക്ടർ നിർദേശിച്ചു. ബ്ലോക്ക്തല അവലോകനയോഗം ഓഗസ്റ്റ് 15നകം പൂർത്തീകരിക്കണം. യോഗത്തിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളും മികച്ച പദ്ധതി ചെലവ് കൈവരിക്കണം. ബ്ലോക്ക്തല യോഗത്തിന് മുന്നോടിയായി വെറ്റിംഗ്/സാങ്കേതിക അനുമതി നേടൽ, ടെൻഡറിംഗ്, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഡെപ്പോസിറ്റ് പ്രവർത്തികളുടെ തുകയടയ്ക്കൽ എന്നിവ അടിയന്തരമായി പൂർത്തിയാക്കണമെന്നും കളക്ടർ പറഞ്ഞു.

വാർഷിക പദ്ധതിചെലവ് നിർവഹണ പുരോഗതി അനുസരിച്ച് ജില്ല സംസ്ഥാനതല ത്തിൽ ഏഴാം സ്ഥാനത്താണ്. നിലവിലെ കണക്കനുസരിച്ച് സംസ്ഥാന തലത്തിൽ 11.63 ശതമാനമാണ് പദ്ധതി  ഇനത്തിൽ ജില്ല ചെലവഴിച്ചത്. ഗ്രാമപഞ്ചായത്ത് തലത്തിൽ 9.92 ശതമാനവും, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 11.05 ശതമാനവും, മുൻസിപ്പാലിറ്റി തലത്തിൽ 16.18 ശതമാനവും, ജില്ലാ പഞ്ചായത്ത് 13.88 ശതമാനവുമാണ് പദ്ധതിയിനത്തിൽ വിനിയോഗിച്ചത്. നിലവിലെ കണക്കനുസരിച്ച് 19.23 ശതമാനത്തോടെ മലയാലപ്പുഴ ഗ്രാമപഞ്ചായത്താണ് പദ്ധതി നിർവഹണത്തിൽ ഏറ്റവും മുന്നിൽ. ബ്ലോക്ക് തലത്തിൽ 24.65 ശതമാനം തുക വിനിയോഗിച്ച് കോന്നി ബ്ലോക്ക് പഞ്ചായത്താണ് മുന്നിൽ. പത്തനംതിട്ട നഗരസഭ 18.50 ശതമാനം തുക വിനിയോഗിച്ചു. ജില്ലാ പഞ്ചായത്ത് 13.88ശതമാനമാണ് വിനിയോഗിച്ചത്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ് സൈമ, പ്ലാനിംഗ് ബോർഡ് റിസർച്ച് ഓഫീസർ ജി ഉല്ലാസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ബിഡിഒമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1850/19)

## ക്യാൻസർ നിർണയ ക്യാമ്പുകൾ സംഘടിപ്പിക്കും – വീണാജോർജ് എംഎൽഎ

ക്യാൻസർരോഗ നിർണയത്തിനായി ജില്ലയിൽ കൂടുതൽ ക്യാമ്പുകൾ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുമെന്ന് വീണാ ജോർജ് എംഎൽഎ പറഞ്ഞു. കളക്ടറേറ്റിൽ ചേർന്ന ജില്ലാ ക്യാൻസർ സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു എംഎൽഎ. ജില്ലാ ക്യാൻസർ സെന്ററിന്റെ സേവനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുമെന്നും, രോഗനിർണയം നടത്തി മികച്ച ചികത്സ ഉറപ്പു വരുത്തുമെന്നും എംഎൽഎ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പിബി നൂഹ് എന്നിവരുടെ സാന്നിധ്യത്തിലാണ് യോഗം ചേർന്നത്. ജില്ലാ ക്യാൻസർ സെന്ററിന്റെ ഏപ്രിൽ 2018 മുതൽ 2019 മാർച്ച് വരെയുള്ള വാർഷിക വരുമാനം, വരവ്-ചെലവ് കണക്കുകൾ എന്നിവ ഡയറക്ടർ ഡോ. കെ.ജി ശശിധരൻപിള്ള അവതരിപ്പിച്ചു. വരുന്ന സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികളും, വരവ്-ചെലവ് കണക്കുകളും സമിതി പരിശോധിച്ച് അംഗീകരിച്ചു. മുൻവർഷത്തെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. ക്യാൻസർ സെന്ററിലേക്ക് ആവശ്യമായിട്ടുള്ള മൾട്ടി പാരാമീറ്റർ ലഭ്യമാക്കുമെന്ന് ഡിഎംഒ ഡോ.എ.എൽ ഷീജ (ആരോഗ്യം)  അറിയിച്ചു. ക്യാൻസർ സെന്ററിലേക്ക് ആവശ്യമായ മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ജില്ലാ ആശുപത്രി സൂപ്രണ്ട് വാർഷിക ഇൻഡന്റ് നൽകുന്നതിനോടൊപ്പം ക്യാൻസർ സെന്ററിന്റെ പേവാർഡിന് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റും നൽകും. കരാർ ജീവനക്കാരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി കാലാവധി പുതുക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

ഫിനാൻസ് ഓഫീസർ എം ഗീതാകുമാരി, എൻഎസ്ഡി ഡെപ്യൂട്ടി ഡയറക്ടർ അജിത് ഗണേഷ്, പ്ലാനിംഗ് ബോർഡ് റിസർച്ച ഓഫീസർ ജി ഉല്ലാസ്, ഡിഡബ്ലിയുഡബ്ലിയുഒ കെ ആർ സുജാത, ഡിസിസിഎസ് സെക്രട്ടറി ഡോ എസ് പ്രതിഭ, ഡെപ്യൂട്ടി ഡിഎംഒ ഡോ.പത്മകുമാരി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1851/19)

## സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒഴിവ്

പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വല്ലന, തുമ്പമൺ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, ഫാർമസിസ്റ്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. താത്പര്യമുള്ളവർ ഈ മാസം 27ന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകളുമായി കുളനടയിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് ഓഫീസിൽ ഹാജരാകണം. ഫോൺ: 04734 260314. (പിഎൻപി 1852/19)

## മഴക്കെടുതി: ജില്ലയിൽ രണ്ട് ക്യാമ്പുകൾ തുടരുന്നു; ക്യാമ്പ് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അവധി

തിരുവല്ല താലൂക്കിൽ രണ്ട് ക്യാമ്പുകൾ തുടരുന്നു. തിരുവല്ല തിരുമൂലപുരം സെന്റ് തോമസ് എച്ച്എസ്എസ്, എസ് എൻ വി എച്ച്എസ് എന്നീ സ്കൂളുകളിലെ ക്യാമ്പുകളിലായി 58 കുടുംബങ്ങളിലെ 201 പേരെയാണ് പാർപ്പിച്ചിരിക്കുന്നത്. ക്യാമ്പ് പ്രവർത്തിക്കുന്ന ഈ രണ്ട് സ്കൂളുകൾക്കും ഇന്ന് (23) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

തിരുവല്ല കുറ്റപ്പുഴ വില്ലേജിൽ ഇടമനത്തറ കോളനിയിലെ ആറു വീട്ടിൽ വെള്ളം കയറി. ഇവരെ ഇരുവള്ളിപ്ര ഗവൺമെന്റ് എൽപിഎസിലേക്ക് മാറ്റുന്നതിന് റവന്യു വകുപ്പ് നടപടിയെടുത്തെങ്കിലും വെള്ളം ഇറങ്ങിയതിനാൽ ക്യാമ്പ് ആരംഭിച്ചില്ല. മല്ലപ്പള്ളി താലൂക്കിലെ വെണ്ണിക്കുളം സെന്റ് ബഹനാൻസ് എൽപിഎസിൽ പ്രവർത്തിച്ചിരുന്ന ക്യാമ്പ് അവസാനിപ്പിച്ചു. മല്ലപ്പള്ളി താലൂക്കിൽ ഒരു വീടിന് ഭാഗിക നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽ ഒരു വീടിന് നാശനഷ്ടം സംഭവിച്ചു. കോന്നി താലൂക്കിലെ തണ്ണിത്തോട് വില്ലേജിൽ മണ്ണിടിച്ചിൽ മൂലം തെക്കുതോട് ഒരു വീടിനും അള്ളുങ്കൽ ഒരു വീടിനും ഭാഗിക നാശനഷ്ടമുണ്ടായി. വള്ളിക്കോട് വില്ലേജ് ഓഫീസിൽ മരം വീണ് ചെറിയ നാശനഷ്ടമുണ്ടായി. റാന്നി താലൂക്കിൽ പെരുനാട് പഞ്ചായത്ത് ഏഴാം വാർഡിൽ ഒരു വീട് പൂർണമായി തകർന്നു. (പിഎൻപി 1853/19)

## ഫോട്ടോ അടിക്കുറിപ്പ്

2) വീണാജോർജ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ് എന്നിവരുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ക്യാൻസർ സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

